# വോട്ട് ചെയ്യാൻ രജിസ്റ്റർ ചെയ്യുക

താങ്കളുടെ ജീവിതത്തെയും അയർലൻഡിന്റെ ഭാവിയെയും ബാധിക്കുന്ന തീരുമാനമെടുക്കലിൽ പങ്കാളിയാകാൻ വോട്ടിംഗ് താങ്കൾക്ക് അവസരം നൽകുന്നു. താങ്കളുടെ വോട്ട് താങ്കളുടെ ശബ്ദമാണ്, താങ്കൾ വോട്ട് ചെയ്തില്ലെങ്കിൽ മറ്റുള്ളവർ താങ്കൾക്കുവേണ്ടി തീരുമാനങ്ങൾ എടുക്കും.

പ്രധാനപ്പെട്ട വിഷയങ്ങളിൽ വോട്ട് രേഖപ്പെടുത്തിക്കൊണ്ട് താങ്കളുടെ അഭിപ്രായം പറയണമെങ്കിൽ, താങ്കൾ വോട്ടർ പട്ടികയിൽ ഉണ്ടായിരിക്കണം.

വോട്ടവകാശം ലഭിക്കാൻ രജിസ്റ്റർ ചെയ്യുന്നതിനും, താങ്കളുടെ വിവരങ്ങൾ കൃത്യവും കാലികവുമാണെന്ന് പരിശോധിക്കുന്നതിനും എളുപ്പമാണ്. www.checktheregister.ie സന്ദർശിക്കുന്നതിലൂടെ താങ്കൾക്ക് ഇത് ചെയ്യാൻ കഴിയും.

## താങ്കളുടെ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യുക

താങ്കളുടെ ഏതെങ്കിലും വ്യക്തിഗത വിവരങ്ങൾ കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യണമെങ്കിൽ, അല്ലെങ്കിൽ രജിസ്റ്ററിലെ മേൽവിലാസം മാറ്റണമെങ്കിൽ, അതിനുള്ള ഏറ്റവും വേഗതയേറിയ മാർഗ്ഗമാണ് ഈ വെബ്സൈറ്റ് www.checktheregister.ie

താങ്കളുടെ വിശദാംശങ്ങൾ checktheregister.ie ഉപയോഗിച്ച്  അപ്ഡേറ്റ് ചെയ്യാനോ മേൽവിലാസം മാറ്റാനോ കഴിയുന്നില്ലെങ്കിൽ, താങ്കളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെടണം. ഒരു ERF1 Form ഫോം ഉപയോഗിച്ച് അവർക്ക് താങ്കളുടെ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യാൻ കഴിയും.

ഇങ്ങനെയെങ്കിൽ, താങ്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ;

- ഡബ്ലിനിൽ നിന്നും പുറത്ത് മറ്റേതെങ്കിലും കൗണ്ടിയിലേക്ക് മാറുന്നുവെങ്കിൽ; അല്ലെങ്കിൽ
- ഡബ്ലിനു പുറത്തുള്ള മറ്റേതെങ്കിലും കൗണ്ടിയിൽ നിന്നും ഡബ്ലിനിലേക്ക് മാറുന്നുവെങ്കിൽ,

ERF1 Form ഫോം ഉപയോഗിച്ച് മാത്രമേ താങ്കളുടെ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യാനോ മേൽവിലാസം മാറ്റാനോ കഴിയൂ. താങ്കൾക്ക് www.checktheregister.ie ഉപയോഗിക്കാൻ കഴിയില്ല. താങ്കൾക്ക് ഈ ഫോം പൂരിപ്പിച്ച് താങ്കളുടെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് അയയ്ക്കാം, അവർ താങ്കളുടെ അപേക്ഷ പ്രോസസ്സ് ചെയ്ത് താങ്കളുടെ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യും.

## പോസ്റ്റൽ വോട്ടിംഗ്

തിരഞ്ഞെടുപ്പ് നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള ചില പ്രത്യേക വിഭാഗത്തിലുള്ള വ്യക്തികൾക്ക് തപാൽ വോട്ടിംഗ് ചെയ്യാൻ അവകാശമുണ്ട്.

അതിൽ ഉൾപ്പെടുന്നവർ:
– An Garda Síochána പോലീസിലെ അംഗങ്ങൾ
– പ്രതിരോധസേനകളിലെ അംഗങ്ങൾ
– വിദേശത്ത് ജോലിചെയ്യുന്ന ഐറിഷ് നയതന്ത്രജ്ഞർ മറ്റും അവരുടെ ജീവിത പങ്കാളികളും

– അസുഖം അല്ലെങ്കിൽ ശാരീരിക വൈകല്യങ്ങൾ കാരണം പ്രാദേശിക പോളിംഗ് ബൂത്തിലെത്തി വോട്ട് ചെയ്യാൻ കഴിയാത്തവർ
– വോട്ടെടുപ്പ് ദിവസം ജീവിതവൃത്തി, സേവനം, ജോലി പോലുള്ള കാരണങ്ങളാൽ വോട്ട് രേഖപ്പെടുത്താൻ നേരിൽ എത്താൻ കഴിയാത്തവർ
– സ്റ്റേറ്റിൽ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുമ്പോൾ മറ്റെവിടെയെങ്കിലും താമസിക്കുന്ന, വീട്ടിൽ രജിസ്റ്റർ ചെയ്ത മുഴുവൻ സമയ വിദ്യാർത്ഥികൾ
– വോട്ടർ പട്ടികയിൽ പേരും വിലാസവും പ്രസിദ്ധീകരിച്ചാൽ സുരക്ഷയ്ക്ക് ഭീഷണിയായേക്കാവുന്ന വ്യക്തിയുടെ കുടുംബത്തിൽ നിന്നുള്ള പേര് വെളിപ്പെടുത്താനാകാത്ത വോട്ടർമാർ അല്ലെങ്കിൽ അംഗങ്ങൾ
– തടവുകാർ

പോസ്റ്റൽ വോട്ടിന് അപേക്ഷിക്കുന്നതിനുള്ള പ്രസക്തമായ ഫോമുകൾ രജിസ്റ്റർ പരിശോധിക്കുക എന്നതിൽ നിന്നോ നിങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ ലഭ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കോൺടാക്റ്റ് ലിസ്റ്റ് കാണുക.

പ്രത്യേക വോട്ടർ പട്ടിക

ആശുപത്രിയിലോ, നഴ്സിംഗ് ഹോമിലോ, മാനസികാരോഗ്യകേന്ദ്രത്തിലോ അല്ലെങ്കിൽ അത്തരം സ്ഥാപനങ്ങളിൽ കഴിയുന്ന അസുഖബാധിതർക്ക് പോളിംഗ് സ്റ്റേഷനിലേക്ക് പോകാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ, അവർക്ക് ആശുപത്രിയിലോ, നഴ്സിംഗ് ഹോമിലോ, അല്ലെങ്കിൽ അത്തരം കേന്ദ്രങ്ങളിൽ നിന്നുതന്നെ വോട്ട് ചെയ്യാൻ കഴിയും. അതിന് രജിസ്ട്രേഷൻ അധികാരികൾ (നഗര മറ്റും കൗണ്ടി കൗൺസിലുകൾ) വോട്ടർമാരുടെ രജിസ്റ്ററിന്റെ ഭാഗമായി തയ്യാറാക്കി പരിപാലിക്കുന്ന പ്രത്യേക വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ അവർ അപേക്ഷിക്കേണ്ടതാണ്.

ആദ്യ അപേക്ഷയുടെ കാര്യത്തിലും, തുടർന്നുള്ള അപേക്ഷയുടെ കാര്യത്തിലും രജിസ്ട്രേഷൻ അധികാരികൾ ആവശ്യപ്പെടുമ്പോഴുമെല്ലാം, ഒരു രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണറുടെ (അതായത് ജിപി) സർട്ടിഫിക്കറ്റ് അതോടൊപ്പം ഉണ്ടായിരിക്കണം.

ഒരു പ്രത്യേക വോട്ടറായി രജിസ്റ്റർ ചെയ്യാൻ താങ്കൾ ആഗ്രഹിക്കുന്നുവെങ്കിൽ, www.checktheregister.ie എന്ന വെബ്സൈറ്റിലോ താങ്കളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ ലഭ്യമായ ഫോം SV1, പൂരിപ്പിച്ചോ അങ്ങനെ ചെയ്യണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കോൺടാക്റ്റ് ലിസ്റ്റ് കാണുക.